എമ്മാവൂസ്
# വചനദൂത്
Vol. VIII Issue : 65



## ശ്ലീഹാക്കാലം നാലാം ഞായർ

# തിന്മയെ നന്മകൊണ്ട് ജയിക്കുക

**ലൂക്കാ 6: 27–36**

**ഡീ. സിനോജ് ഇരട്ടക്കാലായിൽ**

മലമുകളിലേക്ക് കയറി ദൈവത്തോട് പ്രാർത്ഥിച്ച്, 12 അപ്പസ്തോലന്മാരെ തെരഞ്ഞെടുത്തശേഷം സമതലത്തിലേക്ക് ഇറങ്ങിവന്ന ഈശോ, തന്നെ അനുഗമിക്കുന്നവരുടെ ജീവിതശൈലിയിലുണ്ടായിരിക്കേണ്ട സവിശേഷതകൾ എടുത്തുപറയുന്ന സുവിശേഷഭാഗമാണ് നാം വായിച്ചുകേട്ടത്. ഈശോയെ അടുത്തനുഗമിക്കാൻ നീ ആഗ്രഹിക്കുന്നുവോ എങ്കിൽ നീ തിന്മയെ നന്മകൊണ്ട് ജയിക്കണം. ശത്രുവിനെ ചങ്കു തുറന്ന് നീ സ്നേഹിക്കണം. അതു മാത്രം പോരാ, തിരിച്ചുകിട്ടുമെന്ന് പ്രതീക്ഷിക്കാതെ മറ്റുള്ളവർക്ക് നന്മ ചെയ്യാൻ ശീലിക്കണം. ഇവയൊക്കെ പ്രാവർത്തികമാക്കാൻ ബുദ്ധിമുട്ടല്ലേ എന്ന് നാം ചിന്തിച്ച് തുടങ്ങുന്നിടത്ത് ഈശോയുടെ ജീവിതം ഒരു വെല്ലുവിളിയായി നമ്മുടെ മുൻപിൽ നിലകൊള്ളുന്നു. തന്നെ ഒറ്റിക്കൊടുത്തവനെ 'സ്നേഹിത'നെന്നു വിളിച്ചും, അവന്റെ പാദങ്ങൾ കഴുകിതുടച്ചും, അവനായി അപ്പം മുറിച്ച് വിളമ്പിയും ഈശോ നമുക്ക് മാതൃകയായി. തന്നെ തള്ളിപ്പറഞ്ഞവനെ ചേർത്ത് നിർത്തി സഭയുടെ നേതൃത്വസ്ഥാനം നൽകി. തന്നെ പീഡിപ്പിക്കുകയും കുരിശിൽ തറയ്ക്കുകയും ചെയ്തവർക്കുവേണ്ടി അവൻ പ്രാർത്ഥിച്ചു. നിന്ദിക്കപ്പെട്ടപ്പോൾ അവൻ നിന്ദനം തിരിച്ച് നൽകിയില്ല. അവൻ വാക്കുകൾകൊണ്ട് പറയുക മാത്രമല്ല, ജീവിതം കൊണ്ട് പ്രവർത്തിച്ച് കാണിക്കു

കയും ചെയ്തു. നമുക്കും അവന്റെ പാത പിൻതുടരാം. അവന്റെ മാതൃക പിഞ്ചെല്ലാം. ഉപാധികളില്ലാതെ, പരാതികളില്ലാതെ സ്നേഹിക്കാൻ നാം പഠിക്കേണ്ടിയിരിക്കുന്നു.

1658-ൽ റോമാ സാമ്രാജ്യത്തിന്റെ ചക്രവർത്തിയായി സ്ഥാനമേറ്റ ലിയോ പോൾഡ് ഒന്നാമന്റെ ഏറ്റവും വലിയ ആഗ്രഹമായിരുന്നു സ്വിറ്റ്സർലന്റിലെ റെയർ നദീതീരത്തുള്ള സോളോത്തൂൺ പട്ടണം പിടിച്ചടക്കമെന്നുള്ളത്, ഒരിക്കൽ ലിയോ പോൾഡിന്റെ സൈന്യം റെയർ നദീതീരത്ത് എത്തി. വലിയ ചങ്ങാടങ്ങളുണ്ടാക്കി സൈന്യം അക്കരക്കു കടക്കുകയാണ്. അപ്രതീക്ഷിതമായി നദിയിൽ വെള്ളം പൊങ്ങി ഒഴുക്ക് വർദ്ധിച്ചു. നിയന്ത്രണം വിട്ട ചങ്ങാടങ്ങൾ കീഴ്മേൽ മറിഞ്ഞു. പട്ടാളക്കാർ കൂട്ടത്തോടെ വെള്ളത്തിൽ മുങ്ങിപൊങ്ങുകയാണ്. അത് കണ്ടുനിന്ന പട്ടണനിവാസികൾ തങ്ങളെ ആക്രമിക്കാൻ വന്ന പട്ടാളക്കാർക്കായി വള്ളങ്ങൾ ഇറക്കിക്കൊടുത്ത് അവരെ രക്ഷപ്പെടുത്തി. അവർക്ക് തോർത്താൻ ടർക്കികളും, തണുപ്പകറ്റാൻ വസ്ത്രങ്ങളും നൽകി. പട്ടണം പിടിച്ചെടുക്കാനെത്തിയ ആ പട്ടാളക്കാരുടെ കൈകളിൽനിന്ന് പിന്നെ യുദ്ധം ചെയ്യാൻ വാളുകൾ ഉയർന്നില്ല. പിന്നീടൊരിക്കലും ലിയോപോൾഡും കൂട്ടരും അവരെ ആക്രമിക്കാൻ മുതിർന്നതുമില്ല. പരിധികളില്ലാതെ തുറന്ന ഹൃദയത്തോടെ സ്നേഹിച്ചപ്പോൾ ശത്രുക്കളെപ്പോലും സ്വന്തമാക്കാനായി സാധിച്ചു. സ്നേഹം ജീവിതശൈലിയാക്കുന്നിടത്ത് തിന്മയും, ശത്രുതയും വിദ്വേഷവുമൊക്കെ മറയ്ക്കപ്പെടും. ഇരുട്ടിനെ അകറ്റാൻ ഇരുട്ടിന് കഴിയുകയില്ല, പ്രകാശത്തിനു മാത്രമേ കഴിയൂ എന്ന് പറയുന്നത് എത്രയോ സത്യമാണ്. സ്നേഹവും സ്നേഹത്തിന്റെ പ്രവൃത്തികളും എന്നിലും എന്നിലൂടെയും ഭരണം തുടങ്ങുമ്പോൾ ജീവിതത്തിലും ജീവിതസാഹചര്യങ്ങളിലും സന്തോഷവും സമാധാനവും സ്വാതന്ത്ര്യവും വിരുന്നിനെത്തും എന്നത് ക്രിസ്തു നമുക്ക് നൽകുന്ന ഉറപ്പാണ്.

ജീവിതയാത്രയിൽ നമ്മെ വാക്കാലും പ്രവൃത്തിയാലും മുറിപ്പെടുത്തുന്നവരെ ഈശോയ്ക്കുവേണ്ടി നേടാൻ നാം ആഗ്രഹിക്കുന്നെങ്കിൽ ഈശോയുടെ മാതൃക നമുക്ക് പിഞ്ചെല്ലാം. മൂന്ന് തവണ തള്ളിപ്പറഞ്ഞ പത്രോസിനെ ഈശോ സ്വന്തമാക്കുന്ന മനോഹരമായ രംഗം വി. യോഹന്നാന്റെ സുവിശേഷം 21-ാം അദ്ധ്യായത്തിൽ നാം കാണുന്നുണ്ട്. ഈശോ പത്രോസിന്റെ മുഖത്ത് നോക്കി മൂന്ന് തവണ ആവർത്തിക്കുന്ന ചോദ്യം ഇതാണ്. 'യോഹന്നാന്റെ പുത്രനായ ശിമയോനെ, നീ ഇവരെക്കാൾ അധികമായി എന്നെ സ്നേഹിക്കുന്നുവോ? തന്റെ ചങ്കുതുളച്ച ചോദ്യത്തിന് വികാരനിർഭരമായി പത്രോസ് കൊടുക്കുന്ന ഉത്തരം. "ഉവ്വ് കർത്താവേ, ഞാൻ നിന്നെ സ്നേഹിക്കുന്നുവെന്ന് നീ അറിയുന്നുവല്ലോ. തന്നെ തള്ളിപ്പറഞ്ഞവനേ ഉള്ളു തുറന്നുള്ള സ്നേഹംകൊണ്ട് ഈശോ സ്വന്തമാക്കിത്തീർത്തു.

ഇന്നത്തെ സുവിശേഷത്തിലൂടെ ഈശോ നമ്മോട് ആവശ്യപ്പെടുന്ന മറ്റൊരുകാര്യം 'തിരിച്ച് കിട്ടുമെന്ന് പ്രതീക്ഷിക്കാതെ മറ്റുള്ളവർക്ക് നന്മ ചെയ്യുക' മിക്കപ്പോഴും തന്നെ നമ്മുടെ ഓരോ പ്രവൃത്തികളും മറ്റുള്ളവരിൽനിന്ന് എന്തെങ്കിലുമൊക്കെ പ്രതീക്ഷിച്ചുകൊണ്ടാണ്. അയൽവക്കത്തെ കല്യാണത്തിന് ആയിരം രൂപ നാം നൽകുമ്പോൾ എന്നെങ്കിലും തിരിച്ചുകിട്ടുമെന്ന് നാം പ്രതീക്ഷിക്കുന്നു. ജീവിതപങ്കാളിക്ക് സമ്മാനമായി എന്തെങ്കിലും നാം വാങ്ങിക്കൊടുക്കുമ്പോൾ തിരിച്ച് വളരെ കാര്യമായി നാം പ്രതീക്ഷിക്കുന്നു. കൂട്ടുകാരന് ഒരു ബുക്ക് മേടിച്ച് കൊടുക്കുമ്പോൾ നമ്മുടെ നോട്ടം പോകുക പരീക്ഷയ്ക്ക് അവൻ എഴുതുന്ന ഉത്തരക്കടലാസിലേക്കാണ്. ഇങ്ങനെ നാം ചെയ്യുന്ന പ്രവൃത്തികൾക്ക് മറ്റുള്ളവരിൽനിന്ന് പ്രതീക്ഷിക്കുകയും അതൊക്കെ കിട്ടാതെ വരുകയും ചെയ്യുമ്പോൾ നമ്മുടെ ബന്ധങ്ങളിൽ വിള്ളലുണ്ടാകുന്നു. പരിഭവങ്ങളുടെ എണ്ണം വർദ്ധിച്ചുവരുന്നു. ഇങ്ങനെ നമ്മുടെ ബന്ധങ്ങളിലുണ്ടാകുന്ന മുറിവുകൾ ഒഴിവാക്കാനായി ഈശോ നമുക്ക് പറഞ്ഞ് തരുന്ന സൂത്രവാക്യമാണ്. 'തിരിച്ച് കിട്ടുമെന്ന് പ്രതീക്ഷിക്കാതെ മറ്റുള്ളവർക്ക് നന്മ ചെയ്യുക.' ഈശോ ആരിൽനിന്നും ഒന്നും തിരിച്ച് പ്രതീക്ഷിച്ചില്ല. അനേകരുടെ ജീവിതങ്ങളിലൂടെ സൗഖ്യമായും, ഉയിർപ്പായും, സ്നേഹമായും അവൻ കടന്നുപോയി ഒന്നും തിരികെ പ്രതീക്ഷിക്കാതെ. അതുകൊണ്ട് കൂടെ നിന്നവർ ഓടിപ്പോയപ്പോഴും, ഇവനെ ക്രൂശിക്കുക എന്ന് സ്വന്തം ജനം ആക്രോശിച്ചപ്പോഴും, അവന് പരാതികളും പരിഭവങ്ങളും ഇല്ലായിരുന്നു.

അവനിലേക്ക് നോക്കി നമുക്ക് അവന്റെ പാത പിഞ്ചെല്ലാം സ്വർഗ്ഗത്തിലേക്കുള്ള വഴി ഞെരുക്കമുള്ളതും, വാതിൽ ഇടുങ്ങിയതുമാണെന്ന് അവൻ നമ്മെ പഠിപ്പിച്ചിട്ടുണ്ട്. ഈശോയെപ്പോലെ ശത്രുവിനെ സ്നേഹിക്കുവാനും, അവനെപ്പോലെ തിരിച്ച് കിട്ടുമെന്ന് പ്രതീക്ഷിക്കാതെ നന്മ ചെയ്യാനും ആഗ്രഹിക്കുന്നുവെങ്കിൽ, അവനെപ്പോലെ മലമുകളിലേക്ക് കയറി സ്വർഗ്ഗീയ പിതാവുമൊത്ത് സമയം ചെലവിടാൻ നമുക്ക് സാധിക്കണം. ഈശോയുടെ ജീവിതത്തിന്റെ ശക്തി പിതാവുമായിട്ടുള്ള സ്നേഹബന്ധമായിരുന്നു. മദർ തെരേസ ഇപ്രകാരം നമ്മെ ഓർമിപ്പിക്കുന്നു. 'നിനക്ക് സ്നേഹത്തിൽ വളരണമെങ്കിൽ വി.കുർബ്ബാനയിലേക്ക് മടങ്ങി വരിക. നന്നായി സ്നേഹിക്കാനും, നന്മ ചെയ്യാനും വി. കുർബാനയിലെ ത്രിയേക ദൈവം നമ്മെ പഠിപ്പിക്കും.

*ആമേൻ.*